## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 830 — 30.01.2019 ൽ മറുപടിയ്ക്ക്

### വനവൽക്കരണ പരിപാടി

| ചോദ്യം<br>ശ്രീ. സി.ദിവാകരൻ<br>ശ്രീ.ജി.എസ്. ജയലാൽ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.എൽദോ എബ്രഹാം | | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആഗോളതാപനത്തെ ചെറുക്കുന്നതിനായി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ആഗോള താപനത്തെ ചെറുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം 'ഹരിതകേരളം' പദ്ധതി മുഖേന 2009-10 മുതൽ 2018-19 വരെ 712.04 ലക്ഷം വൃക്ഷ തൈകൾ നട്ടു പിടിപ്പിക്കുന്നതിനായി വിതരണം ചെയ്തിട്ടുള്ളതാണ്. 2016-17, 2017-18 കാലയളവിൽ വിതരണം ചെയ്ത വൃക്ഷതൈകളുടെ അതിജീവനം കണക്കാക്കിയതിൽ 2016-17-ൽ 55.24% വും 2017-18-ൽ 62.53% കണ്ടെത്തിയിട്ടുണ്ട്. കേരളത്തിന്റെ വൃക്ഷാവരണത്തിൽ 1043 sqkm വർദ്ധനവ് ഉണ്ടായി എന്ന് ഫോറസ്റ്റ് സർവെ ഓഫ് ഇൻഡ്യയുടെ 2017-ലെ സ്റ്റേറ്റ് ഓഫ് ഫോറസ്റ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഹരിതകേരളം പദ്ധതി മുഖേന വിതരണം ചെയ്യപ്പെട്ട വൃക്ഷതൈകൾ ഈ വർദ്ധനവിന് കാരണമായിട്ടുണ്ട്. ഈ വൃക്ഷ തൈകൾ ആഗോള താപന ത്തിന് കാരണമാകുന്ന വാതകങ്ങളെ |

| | | | |
|---|---|---|---|
| | | | ആഗീരണം ചെയ്യുന്ന കാർബൺ സിങ്ക് ആയി വർത്തിക്കുന്നതാണ്. കൂടാതെ വഴിയോരത്തണൽ, തീരവനം, കുട്ടിവനം, നക്ഷത്രവനം, ഔഷധ ത്തോട്ടം, തുടങ്ങിയ പദ്ധതികളും ആഗോള താപനം ചെറുക്കുന്നതിൽ തനതായ പങ്ക് വഹിക്കുന്നുണ്ട്. ആഗോളതാപനം ചെറുക്കുന്ന തിനായി വനംവകുപ്പ് വിവിധ രീതിയിലുള്ള ബോധവത്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. സ്കൂളുകളിലും കോളേജുകളിലും ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുകയും, അവയുടെ പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഫോറസ്ട്രി ക്ലബ്ബുകളുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രാധാന്യമുള്ള വിശേഷ ദിനങ്ങ ളിൽ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചാ ക്ലാസുകൾ തുടങ്ങിയവ നടത്തി വരുന്നു. കൂടാതെ വനം വകുപ്പ് നേച്ചർ ക്യാമ്പുകൾ, എക്സിബിഷനുകൾ, ബോധവത്കരണ ക്ലാസുകൾ എന്നിവയും നടത്തിവരുന്നു. കുട്ടികളെയും പൊതുജനങ്ങളെയും ബോധവത്കരിക്കുവാൻ ഇത്തരം പരിപാടികൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വനം വകുപ്പ് പ്രസിദ്ധീകരിക്കുന്ന മാസികയായ അരണ്യം മുഖേനയും വൃക്ഷവത്കരണത്തിൻറെ പ്രാധാന്യം ജനങ്ങളിൽ എത്തിക്കുന്നു. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സോഷ്യൽ ഫോറസ്ട്രി വിഭാഗം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക്, വൃക്ഷതൈകൾ നടുന്നതിന് സൗജന്യമായി വിതരണം ചെയ്തുവരുന്നു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് |

| | | | |
|---|---|---|---|
| | | | കളങ്ങൾ, ജലാശയങ്ങൾ, നദീതീരങ്ങൾ, പൊതുസ്ഥലങ്ങൾ, ബീച്ചുകൾ എന്നിവയുടെ ശുചീകരണം പരിസ്ഥിതി ബോധവൽക്കരണ റാലികൾ, പ്രകൃതി പഠന ക്യാമ്പുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നു. |
| (ബി) | ആഗോള താപനം - മരമാണ് മറുപടി എന്ന മുദ്രാവാക്യവുമായി വനവൽക്കരണപരിപാടി സംഘടിപ്പിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | ആഗോള താപനത്തിൻറെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി "ആഗോളതാപനം - മരമാണ് മറുപടി" എന്നത് അടിസ്ഥാനമാക്കി വിവിധ വനവൽക്കരണ പദ്ധതികൾ സംസ്ഥാ നത്ത് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കാർബൺ സിങ്കായി (carbon sink) പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തിൻറെ ഉദ്ദേശം 29% ഭൂപ്രദേശത്തുള്ള വനത്തെ വനം വകുപ്പ് സംരക്ഷിച്ചു വരുന്നുണ്ട്. അന്തരീക്ഷത്തിൽ ഉണ്ടാകുന്ന കാർബണിൻറെ അതിപ്രസരണം കുറയ്ക്കുന്നതിനായി വിദ്യാർത്ഥികളിലും, പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനും അതിനനുസരിച്ച് അവരുടെ ജീവിതശൈലിയിൽ അനുയോജ്യമായ മാറ്റം വരുത്തുന്നതിനുള്ള "വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ" വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ വനവൽക്കരണ പരിപാടി നടത്തിയതിന് സംസ്ഥാന വനം വകുപ്പിന് എന്തെങ്കിലും ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ; | (സി) | 'എന്റെ മരം' പദ്ധതി മുഖേന മികച്ച വനവത്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 2007-ലെ ഇന്ദിരാപ്രിയദർശിനി വൃക്ഷമിത്ര അവാർഡ് വനംവകുപ്പിനും വിദ്യാഭ്യാസ വകുപ്പിനും സംയുക്തമായി ലഭിച്ചിട്ടുണ്ട്. കൂടാതെ 2007 മുതൽ 2010 വരെയുള്ള കാലയളവിൽ വനം വകുപ്പിന്റെ മികച്ച വനവൽക്കരണപ്രവർത്തനങ്ങൾ പരിഗണിച്ച് ഐക്യരാഷ്ട്രസഭയുടെ United Nations Environment Programme (UNEP) - ന്റ അനുമോദന പത്രം ലഭിച്ചിട്ടുണ്ട്. |
| (ഡി) | കഴക്കൂട്ടം-തിരുവനന്തപുരം നാഷണൽ ഹൈവേ വികസനത്തിനായി മരങ്ങൾ മുറിച്ചുനീക്കിയതിനു പകരം വനവൽക്കരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ വ്യക്തമാക്കുമോ ? | (ഡി) | കഴക്കൂട്ടം-മുക്കോല ബൈപാസ് നിർമ്മാണത്തിനായി 4073 നമ്പർ മരങ്ങൾ മുറിച്ചുനീക്കുവാൻ അനുമതി നൽകിയതിനെ തുടർന്ന് മുറിച്ചുനീക്കിയ മരങ്ങൾക്ക് പകരമായി 1:10 എന്ന അനുപാതത്തിൽ വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിന് ആവശ്യമായ തുക നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷന് കൈമാറുകയുണ്ടായി. പ്രസ്തുത തുക ഉപയോഗിച്ച് കഴക്കൂട്ടം സൈനികസ്കൂൾ ക്യാമ്പസിനകത്ത് 20 ഹെക്ടറിലും ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിനകത്ത് 1.28 ഹെക്ടറിലുമായി 34000 തദ്ദേശീയ വൃക്ഷതൈകൾ 2016-17 വർഷത്തിൽ നട്ടുപിടിപ്പിച്ച് പരിപാലിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ